**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1400** **03-12-2018 ൽ ൽ മറുപടിക്ക്**

**പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വെച്ചിരിക്കുന്ന സർക്കാർ ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വെച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ട ക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) (ബി) & (സി) പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിന് എല്ലാ തഹസിൽദാർ മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പാട്ടകുടിശ്ശിക ഒടുക്കുവരുത്താത്ത കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.<br>സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ കേസുകൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ഒരു സമിതി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി മാസംതോറും യോഗം ചേരുകയും ഓരോ കേസുകളും പ്രത്യേകം പരിശോധിച്ച് സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുന്നുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിനായി കമ്മീഷണറേറ്റ് തലത്തിലും ഒരു സെൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വെച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | |
| (സി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**